**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യ്ക്ക് സി.എൻ.ജി. ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസലിന് വിപണി വിലയെക്കാൾ എത്ര രൂപ അധികമായി നൽകേണ്ടി വരുന്നുണ്ടെന്നും പ്രതിമാസം ശരാശരി എത്ര രൂപയുടെ അധിക ചെലവാണ് ഈ ഇനത്തിൽ ഉണ്ടാകുന്നതെന്നും അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ബൽക്ക് കൺസ്യൂമർ എന്ന വിഭാഗത്തിലാണ് വരുന്നത്. 2022 ഫെബ്രുവരിയ്ക്ക് മുമ്പ് വരെ ബൽക്ക് കൺസ്യൂമറിന് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയെക്കാൾ, കുറഞ്ഞ നിരക്കിൽ ആയിരുന്നു. 2022 ഫെബ്രുവരി മാസം മുതൽ ബൽക്ക് കൺസ്യൂമേഴ്സിനു നൽകുന്ന ഡീസലിന്, വിപണി വിലയെക്കാൾകൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. ജനുവരിയിൽ ലിറ്ററിന് 84.74 രൂപയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന ഡീസലിന്റെ വില നിലവിൽ, ലിറ്ററിന് 132.94 രൂപയായി (16.06.2022) വർദ്ധിച്ചിരിക്കുകയാണ്. അതായത് ലിറ്ററിന് 48.20 രൂപ അധികമാണ്. ഏകദേശം പ്രതിദിനം 3 ലക്ഷം ലിറ്റർ ഡീസൽ വാങ്ങുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് ഈ കാരണത്താൽ പ്രതിമാസം 43.38 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമായിരുന്നു. എന്നാൽ ഈ അധിക സാമ്പത്തിക ബാധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള യാത്രാഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്വകാര്യ പമ്പുകളിൽ നിന്ന് ഇന്ധനം നിറയ്ക്കുന്ന കാര്യം പ്രായോഗികമാണോയെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വകാര്യ പമ്പുകളിൽ നിന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇന്ധനം നിറയ്ക്കുന്നത് പല കാരണങ്ങൾ കൊണ്ടും പ്രായോഗികമല്ല. പ്രധാനമായും അളവിലെ കൃത്യതയും, ഗുണനിലവാരവും ഉറപ്പാക്കുവാൻ പ്രയാസമാണ്. കൂടാതെ സ്വകാര്യ പമ്പുകളിൽ |

| | | | |
|---|---|---|---|
| | | | പോയി ഡീസൽ നിറയ്ക്കുവാൻ അധിക ദൂരം വാഹനം ഓടിക്കേണ്ടി വരുമ്പോൾ പാഴ്ചെലവുകളും ഉണ്ടാകും. ഇത് കൂടാതെ മുൻകൂർ തുക അടച്ചാൽ മാത്രമേ യാത്രാ ഫ്യുവൽസിലായാലും സ്വകാര്യ പമ്പുകളിലായാലും ഇന്ധനം ലഭ്യമാക്കാൻ സാധിക്കൂ. കൺസ്യൂമർ പമ്പിൽ ലഭിച്ചു കൊണ്ടിരുന്ന ക്രെഡിറ്റ് സൗകര്യം ഇത്തരത്തിൽ ഇന്ധനം വാങ്ങുമ്പോൾ ലഭ്യമല്ല. |
| (സി) | കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ സി.എൻ.ജി. ബസ്സുകൾ വാങ്ങാൻ തീരുമാനമായിട്ടുണ്ടോ; | (സി) | 1010 ബസ്സുകൾക്കുള്ള ലോൺ ലഭ്യമായിട്ടുണ്ട്. KSRTC-SWIFT-നു വേണ്ടി 455 കോടി രൂപയും കിഫ്ബി വായ്പ ഉപയോഗിച്ച് 700 CNG busകൾ വാങ്ങുന്നതിന് സ.ഉ.(കൈ) 25/2022/Trans dated 23.05.2022 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ CNGയുടെ വലിയ വില വർദ്ധനവു കാരണം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം ബസുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. അതിൻ പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒരു ഡീസൽ ബസ്സ് സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തി 09.06.2022 മുതൽ ആലുവ യൂണിറ്റിൽ പരീക്ഷണാർത്ഥം സർവ്വീസ് നടത്തി വരികയുമാണ്. വിവിധ ശ്രേണിയിലുള്ള അഞ്ചു ബസ്സുകൾ CNGയിലേക്ക് മാറ്റാനാണ് ഓർഡർ നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ